**PROVISIONAL ANSWER KEY**

Paper: 001 - Kerala Service Rule (Malayalam)
Date of Test 25-03-2023

Question1:-അന്യത്രസേവനം കഴിഞ്ഞ് മാതൃവകുപ്പിൽ തിരിച്ചെത്തി ജോലിയിൽ ചേരേണ്ടവിവരം നേരിട്ട് ഹാജരായി അറിയിച്ചെങ്കിലും നിയമന ഉത്തരവ് നൽകുന്നതിന് 40 ദിവസത്തെ കാത്തിരിപ്പിനുശേഷമാണ് നിയമന ഉത്തരവ് ലഭിച്ചത്. അത്തരം കാത്തിരിപ്പ കാലയളവ് ഏതു തരത്തിലാണ് ക്രമീകരിക്കുക?
A:-അന്യത്ര സേവനമായി
B:-ഡ്യൂട്ടിയായി
C:-അവധിയായി
D:-പ്രത്യേക ആകസ്മികാവധി
Correct Answer:- Option-B

Question2:-പ്രബേഷണർ എന്നാൽ
A:-ഒരു സ്ഥിരം തസ്തികയിൽ സ്ഥിരമായി നിയമിക്കുകയും മറ്റൊരു തസ്തികയിൽകൂടി പ്രബേഷനിൽ നിയമിക്കപ്പെട്ട ആളെ പ്രബേഷണർ എന്നു പറയുന്നു
B:-കരാർ അടിസ്ഥാനത്തിൽ നിയമനം ലഭിച്ചയാളെ
C:-സ്ഥിരമായി ഒരു സ്ഥിരം തസ്തികയിൽ നിയമിക്കപ്പെട്ടയാളെ പ്രബേഷണർ എന്ന് പറയുന്നു
D:-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചയാളെ
Correct Answer:- Option-C

Question3:-ഉപജീവനബത്ത എന്നാൽ
A:-സർവ്വീസിൽ നിന്നും പിരിച്ചു വിട്ടയാൾക്ക് നല്കുന്ന നഷ്ടപരിഹാരം
B:-ശമ്പളമോ അവധിക്കാല ശമ്പളമോ വാങ്ങാത്തതും സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്യപ്പെടുകയും ചെയ്ത ജീവനക്കാരന് പ്രതിമാസം നൽകുന്നതും
C:-ഇൻവാലിഡ് പെൻഷൻ
D:-അച്ചടക്ക നടപടി നേരിടുന്ന ഒരു ജീവനക്കാരൻ നടപടികൾ പൂർത്തിയാക്കുന്നതിനുമുമ്പ് സർവ്വീസിൽ നിന്ന് വിരമിക്കുകയും ചെയ്യുന്ന ജീവനക്കാരന് കൊടുക്കുന്ന തുക
Correct Answer:- Option-B

Question4:-സർവ്വീസിൽ പ്രവേശിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ട ഉദ്യോഗസ്ഥർ
A:-മത്സര പരീക്ഷകൾ വഴി തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർ
B:-അന്യത്രസേവനത്തിൽനിന്നും തിരിച്ച് മാതൃവകുപ്പിലേക്ക് തിരിച്ചു വരുന്ന ഉദ്യോഗസ്ഥർ
C:-കരാറടിസ്ഥാനത്തിൽ നിയമിച്ച ഉദ്യോഗസ്ഥർ
D:-സർവ്വീസിൽ നിന്നും വിരമിച്ച ശേഷം ഉടൻ തന്നെ പുനർനിയമനം ലഭിക്കുന്ന ഉദ്യോഗസ്ഥർ
Correct Answer:- Option-D

Question5:-സ്ഥിരമായ ഒരു തസ്തികയിൽ നിയമനം ലഭിച്ച ഉദ്യോഗസ്ഥനെ സ്ഥിരമായ ഉയർന്ന തസ്തികയിൽ നിയമിക്കപ്പെട്ടാൽ ഉയർന്ന തസ്തികയിൽ ശമ്പളം നിർണ്ണയിക്കുന്നത്
A:-താഴെ തസ്തികയിൽ വാങ്ങിക്കൊണ്ടിരിക്കുന്ന ശമ്പളത്തോടുകൂടി അടുത്ത ഇൻക്രിമെന്റ് സാങ്കല്പികമായി ചേർത്ത് ആ തുക ഉയർന്ന തസ്തികയിൽ തൊട്ടടുത്ത സ്റ്റേജിൽ നിർണ്ണയിക്കുന്നു
B:-ഉയർന്ന തസ്തികയുടെ കുറഞ്ഞ ശമ്പളം 95600 രൂപയിൽ അധികമാണെങ്കിൽ താഴെ തസ്തികയിൽ വാങ്ങിക്കൊണ്ടിരിക്കുന്ന ശമ്പളത്തിൻെറ തൊട്ടടുത്ത സ്റ്റേജിൽ നിർണ്ണയിക്കുന്നു
C:-ഇൻക്രിമെന്റ് തീയ്യതിയിൽ താഴെ തസ്തികയിലുള്ള ശമ്പളം ഉയർന്ന തസ്തികയിലെ ശമ്പള നിരക്കിൽ തൊട്ടടുത്ത സ്റ്റേജിൽ നിർണ്ണയിക്കുന്നു
D:-ഉദ്യോഗസ്ഥൻെറ ഓപ്ഷൻ അനുസരിച്ച് താഴെ തസ്തികയിലെ ശമ്പളം ഉയർന്ന തസ്തികയുടെ ശമ്പളനിരക്കിലെ തൊട്ടടുത്ത സ്റ്റേജിൽ നിർണ്ണയിക്കുന്നു
Correct Answer:- Option-B

Question6:-താൽക്കാലികമായി ഇൻക്രിമെന്റ് തടപ്പെട്ട ഒരു ഉദ്യോഗസ്ഥന് ഇൻക്രിമെന്റ് തടയപ്പെട്ട കാലയളവിനിടെ ഉദ്യോഗക്കയറ്റം ലഭിക്കുകയാണെങ്കിൽ ഉയർന്ന തസ്തികയിൽ അദ്ദേഹത്തിൻെറ ശമ്പളം നിർണ്ണയിക്കുന്നതും പുനർനിർണ്ണയിക്കുന്നതും എങ്ങനെ?
A:-താഴെ തസ്തികയിൽ ഇൻക്രിമെന്റ് തീയ്യതി മുതൽ
B:- ഉദ്യോഗക്കയറ്റം ലഭിച്ച തീയ്യതി മുതൽ
C:- ഉദ്യോഗക്കയറ്റം നൽകി ഉത്തരവായ തീയ്യതി മുതൽ
D:-താഴ്ന്ന തസ്തികയിൽ താൽക്കാലികമായി തടഞ്ഞ ഇൻക്രിമെന്റ് ഉൾപ്പെടെ യഥാർത്ഥ ശമ്പളത്തോടുകൂടി സാങ്കല്പികമായ ഒരു ഇൻക്രിമെന്റ് ചേർത്ത് ഉയർന്ന തസ്തികയിലെ ശമ്പളനിരക്കിലെ തൊട്ടടുത്ത സ്റ്റേജിൽ സാങ്കല്പികമായി നിർണ്ണയിക്കുന്നതും പുനർനിർണ്ണയിക്കുന്നതിനും ഇത്തരത്തിൽ സാങ്കല്പികമായി നിർണ്ണയിക്കേണ്ടതും ഇൻക്രിമെന്റ് തടയൽ കാലാവധി കഴിഞ്ഞ് പൂർണ്ണമായും സാമ്പത്തിക ആനുകൂല്യങ്ങൾ നൽകേണ്ടതുമാണ്.
Correct Answer:- Option-D

Question7:-26.2.2019 ൽ സർവ്വീസിൽ പ്രവേശിച്ച ഒരു ജീവനക്കാരൻെറ ആർജ്ജിതാവധി 25.2.22 ൽ എത്രയാണ്?
A:-`99 6/11`
B:-`83 3/11`
C:-`83 4/11`
D:-83
Correct Answer:- Option-B

Question8:-32600 രൂപ ശമ്പളം വാങ്ങുന്ന ഒരു ഉദ്യോഗസ്ഥൻെറ അർദ്ധവേതനാവധി ശമ്പളം എങ്ങനെ നിർണ്ണയിക്കുന്നു?
A:-ശമ്പളത്തിൻെറ പകുതിയും പൂർണ്ണമായ ക്ഷമബത്തയും മാത്രം
B:-അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേർത്ത് ചുരുങ്ങിയത് 65% ആയി നിജപ്പെടുത്തുന്നു
C:-അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേർത്ത് അതിൻെറ 50% മാത്രം
D:-അടിസ്ഥാനശമ്പളത്തിൻെറ 65%
Correct Answer:- Option-B

Question9:-പ്രൊഫോർമ ഒഫീഷ്യറ്റിങ്ങ് പ്രമോഷൻ എന്നാൽ എന്ത്?
A:-സീനിയറായ ഉദ്യോസ്ഥനെ മാറ്റി നിർത്തി ജൂനിയറായ ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം നൽകി ജൂനിയർ ഉദ്യോഗസ്ഥൻെറ ശമ്പളം നിർണ്ണയിക്കുന്ന രീതി
B:-ഒരു ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ ഉയർന്ന നിരക്കിൽ ശമ്പളം നിർണ്ണയിക്കുന്ന രീതി
C:-ഒരു ഉദ്യോഗസ്ഥനു സ്ഥാനക്കയറ്റം ലഭിക്കുകയും ഉയർന്ന സ്ഥാനം വഹിക്കുന്നതിന് മറ്റു തരത്തിൽ തടയപ്പെടുകയും പ്രത്യേക അനുമതിയോടെ ജൂനിയർ ഉദ്യോഗസ്ഥൻെറ ശമ്പളം ഉയർന്ന തസ്തികയിൽ നിർണ്ണയിക്കുന്ന തീയ്യതി മുതൽ സീനിയർ ഉദ്യോഗസ്ഥന് ഉയർന്ന നിരക്കിൽ ശമ്പളം നിർണ്ണയിക്കുന്ന രീതി
D:-ഒരു ഉദ്യോഗസ്ഥൻ അവധിയിലായിരിക്കെ സ്ഥാനകയറ്റം ലഭിച്ചാൽ ശമ്പളം നിർണ്ണയിക്കുന്ന രീതി
Correct Answer:- Option-C

Question10:-ഇൻക്രിമെന്റ് ലഭിക്കുന്നതിന് കണക്കിലെടുക്കാത്ത കാലയളവ്
A:-അന്യത്ര സേവനം
B:-പ്രവേശനകാലം
C:-ചികിത്സയ്ക്കല്ലാതെയുള്ള ശൂന്യവേതനാവധി
D:-അനുവദിക്കപ്പെട്ടിട്ടുള്ള അവധി കഴിഞ്ഞ് ജോലിക്ക് ഹാജരാകാതിരിക്കുകയും ആയത് ശൂന്യവേതനാവധിയായി കണക്കാക്കിയ കാലം
Correct Answer:- Option-D

Question11:-ഉപജീവനബത്തയിൽ നിന്നും ............. പിടിക്കുവാൻ പാടുള്ളതല്ല.
A:-ജനറൽ പ്രൊവിഡണ്ട് ഫണ്ടിലേക്കുള്ള വരിസംഖ്യ
B:-സ്റ്റേറ്റ് ലൈഫ് ഇൻഷ്യൂറൻസിൻെറ പ്രീമിയം തുക
C:-വീട്ടു വാടക
D:-ആദായനികുതി
Correct Answer:- Option-A

Question12:-പാർട്ട്ടൈം ജീവനക്കാരൻെറ ആർജ്ജിതാവധി അക്കൌണ്ടിൽ ഉണ്ടാകാവുന്ന പരമാവധി ആർജ്ജിതാവധിയുടെ എണ്ണം
A:-300
B:-150
C:-240
D:-120
Correct Answer:- Option-D

Question13:-ചികിത്സാവശ്യത്തിനല്ലാതെ ഇൻക്രിമെന്റ് കണക്കാക്കുന്ന ശൂന്യവേതനാവധി
A:-സ്വകാര്യ ആവശ്യത്തിനുവേണ്ടി എടുത്ത ശൂന്യവേതനാവധി
B:-പ്രസവാവധിയോടു ചേർന്നുള്ള 60 ദിവസം വരെ മെഡിക്കൽ സർട്ടിഫിക്കറ്റ് കൂടാതെയുള്ള ശൂന്യവേതനാവധി

C:-പഠനാവശ്യത്തിനുള്ള ശൂന്യ വേതനാവധി
D:-മാതാപിതാക്കളുടെ ചികിത്സയ്ക്ക് വേണ്ടി എടുത്ത ശൂന്യവേതനാവധി
Correct Answer:- Option-B

Question14:-അവധിയുടെ തരംമാറ്റൽ എന്നാൽ
A:-ആർജ്ജിതാവധി ആകസ്മികാവധിയായി മാറ്റുന്നത്
B:-ആകസ്മികാവധി ആർജ്ജിതാവധിയായി മാറ്റുന്നത്
C:-അനുബന്ധം XII എ അനുസരിച്ചുള്ള ശൂന്യവേതനാവധി അർദ്ധവേതനാവധിയായി മാറ്റുന്നത്
D:-മുൻകാല പ്രാബല്യത്തോടെ ആർജ്ജിതാവധി ഒഴികെയുള്ള അവധികൾ
മറ്റു തരത്തിലുള്ള അവധിയായി മാറ്റുന്നു
Correct Answer:- Option-D

Question15:-ഒരു സാമ്പത്തിക വർഷത്തിൽ ക്യാഷ് ചെയ്യാവുന്ന ആർജ്ജിതാവധികളുടെ പരമാവധി എണ്ണം
A:-15 ദിവസം
B:-60 ദിവസം
C:-30 ദിവസം
D:-45 ദിവസം
Correct Answer:- Option-C

Question16:-അവശതാവധി എന്നാലെന്ത്?
A:-ജോലി ചെയ്യുന്നതിനിടെ പരിക്കേറ്റ് അവശതയിലായ ജീവനക്കാർക്ക് നൽകുന്ന അവധി
B:-പോലീസ് നടപടികൾക്കിടെ പരിക്കേൽക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുന്ന അവധി
C:-ഇൻവാലിഡ് പെൻഷന് അപേക്ഷിച്ചവർക്ക് നൽകുന്ന അവധി
D:-ജോലിക്കിടെ പരിക്കേറ്റ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകുന്ന അവധി
Correct Answer:- Option-A

Question17:-ആശുപത്രി അവധി ആർക്കൊക്കെയാണനുവദിക്കുന്നത്?
A:-റവന്യൂ വകുപ്പ് ജീവനക്കാർക്ക്
B:-എല്ലാ വകുപ്പുകളിലെയും ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക്
C:-ആരോഗ്യ വകുപ്പ് ജീവനക്കാർക്ക്
D:-മൃഗ സംരക്ഷണ വകുപ്പ് ജീവനക്കാർക്ക്
Correct Answer:- Option-B

Question18:-............ വർഷത്തെ സേവനം പൂർത്തിയാക്കിയ സർക്കാർ ജീവനക്കാർക്ക് പഠനാവശ്യത്തിനുള്ള അവധി അനുവദിക്കുന്നു.
A:-5 വർഷം
B:-7 വർഷം
C:-2 വർഷം
D:-10 വർഷം
Correct Answer:- Option-C

Question19:-വിദേശത്ത് ജോലി ചെയ്യുന്നതിനുവേണ്ടി സർക്കാർ ജീവനക്കാർക്ക് അനുവദിക്കാവുന്ന പരമാവധി അവധി
A:-10 വർഷം
B:-15 വർഷം
C:-20 വർഷം
D:-5 വർഷം
Correct Answer:- Option-D

Question20:-അന്യതസ്തികയുടെ പൂർണ്ണ അധികാര ചുമതല നൽകപ്പെട്ടാൽ അധികവേതനം നൽകാവുന്ന പരമാവധി കാലം
A:-ഒരു വർഷം
B:-15 ദിവസം
C:-20 ദിവസം
D:-3 മാസം
Correct Answer:- Option-D

Question21:-ഒരു ഉദ്യോഗസ്ഥൻ അയാളുടെ ഓഫീസിൽ നിന്നും 5 കി.മീറ്റർ മാത്രം ദൂരമുള്ള ഓഫീസിലേക്ക് സ്ഥലം മാറ്റപ്പെടുകയും 13.7.2022 അപരാഹ്നത്തിൽ വിടുതൽ ചെയ്യുകയും ചെയ്തു. പുതിയ ഓഫീസിൽ ജോലിയിൽ പ്രവേശിക്കേണ്ട ദിവസം എന്നാണ്?
A:-14.7.2022 പൂർവ്വാഹ്നത്തിൽ
B:-15.7.2022 പൂർവ്വാഹ്നത്തിൽ
C:-20.7.2022 പൂർവ്വാഹ്നത്തിൽ
D:-19.7.2022 പൂർവ്വാഹ്നത്തിൽ
Correct Answer:- Option-B

Question22:-അവധിയിലിരിക്കെ ഒരു ഉദ്യോഗസ്ഥൻ സ്ഥലം മാറ്റപ്പെട്ടാൽ പ്രവേശനകാലത്തിന് അർഹതയുണ്ടാകുന്നത് ഏതുതരം അവധിയിലാണ്?
A:-ആർജ്ജിതാവധി
B:-ശൂന്യവേതനാവധി
C:-ലീവ് നോട്ട് ഡ്യൂ
D:-കമ്മ്യൂട്ടഡ് ലീവ്
Correct Answer:- Option-A

Question23:-പ്രവേശനകാലത്ത് നഷ്ടപരിഹാരബത്ത ഏതു നിരക്കിലാണ് ലഭിക്കുന്നത്?
A:-പുതിയ ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് അനുവദനീയമായിട്ടുള്ള ബത്ത
B:-സ്ഥലം മാറ്റം ചെയ്യപ്പെട്ടപ്പോൾ അനുവദനീയമായിരുന്ന ബത്ത
C:-പ്രവേശനകാലത്ത് നഷ്ടപരിഹാരബത്ത അനുവദനീയമല്ല
D:-രണ്ട് സ്ഥലത്തേയും നഷ്ടപരിഹാരബത്തയുടെ ശരാശരി
Correct Answer:- Option-B

Question24:-61 ദിവസമുള്ള വേനലവധിക്കാലത്ത് ഒരു ഹൈസ്കൂൾ അദ്ധ്യാപകനെ 20 ദിവസം അവധിക്കാലസേവനത്തിനു നിയോഗിച്ചാൽ ആ അദ്ധ്യാപകനു ലഭിക്കുന്ന ആർജ്ജിതാവധി
A:-`30/61` × 20
B:-`61/20` × 30
C:-`61/11`
D:-`20/61` × 30
Correct Answer:- Option-D

Question25:-അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന ഒരു കായികതാരത്തിനു പരിശീലനത്തിനായി ഒരു കലണ്ടർ വർഷത്തിൽ അനുവദിക്കാവുന്ന പ്രത്യേക ആകസ്മികാവധികളുടെ എണ്ണം
A:-90 ദിവസം
B:-14 ദിവസം
C:-45 ദിവസം
D:-60 ദിവസം
Correct Answer:- Option-A

Question26:-സസ്പെൻഷനിലിരിക്കേ ഒരു ഉദ്യോഗസ്ഥൻ മരണപ്പെട്ടാൽ അദ്ദേഹത്തിനെതിരെയുള്ള നടപടികൾ എങ്ങനെ തീർപ്പാക്കും?
A:-ശിക്ഷിക്കപ്പെടാവുന്ന തരത്തിലുള്ള കുറ്റങ്ങളോ കൃത്യവിലോപമോ നടത്തിയിട്ടുണ്ടെങ്കിൽ അത്തരത്തിൽ തീരുമാനമെടുക്കാവുന്നതും നടപടികൾ അവസാനിപ്പിക്കാവുന്നതുമാണ്
B:-ഉപജീവനബത്ത നൽകിയിട്ടുണ്ടെങ്കിൽ അത് സി.സി.ആർ.ജി.യിൽ നിന്നും കുറവ് വരുത്തേണ്ടതാണ്
C:-അദ്ദേഹത്തെ കുറ്റവിമുക്തനാക്കിക്കൊണ്ട് നടപടികൾ തീർപ്പാക്കുക
D:-സസ്പെൻഷൻ കാലഘട്ടത്തിൽ അദ്ദേഹം ഡ്യൂട്ടിയിലായിരുന്നെങ്കിൽ കിട്ടുമായിരുന്ന എല്ലാ ആനുകൂല്യങ്ങളും നൽകി നടപടികൾ അവസാനിപ്പിക്കുക
Correct Answer:- Option-D

Question27:-സസ്പെൻഷനിലിരിക്കുന്ന ഒരു ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്ന് പിരിച്ചുവിടുകയും 3 മാസത്തെ ഉപജീവനബത്ത അദ്ദേഹത്തിനു നൽകാനുള്ളതും 10000 രൂപ സർക്കാരിലേക്ക് അദ്ദേഹത്തിൽ നിന്നും ബാധ്യതയുള്ളതുമാണ്. ഉപജീവനബത്തയിൽനിന്നും സർക്കാരിലേക്ക് ലഭിക്കാനുള്ള തുക കുറവ് വരുത്താമോ?

A:-ഉപജീവന ബത്ത പൂർണ്ണമായും പിരിച്ചുവിടപ്പെട്ട ദിവസം വരെയുള്ള വിതരണം ചെയ്യേണ്ടതാണ്
B:-ഉപജീവനബത്തയിൽ നിന്നും പിടിച്ചെടുക്കാവുന്നതാണ്
C:-ഉപജീവനബത്ത വിതരണം ചെയ്യുകയും സർക്കാരിലേക്ക് ലഭിക്കുവാനുള്ള തുകയ്ക്ക് മറ്റു നടപടികൾ സ്വീകരിക്കുക
D:-പൂർണ്ണമായും ശമ്പളം നൽകുക
Correct Answer:- Option-A

Question28:-ഒരു ഉദ്യോഗസ്ഥൻ സസ്പെൻറ് ചെയ്യപ്പെടുകയും പിന്നീട് സസ്പെൻഷൻ നീതികരിക്കുന്നതല്ല എന്ന് കണ്ടതിനെത്തുടർന്ന് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തു സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി തീർപ്പ് കൽപ്പിക്കുകയും ചെയ്താൽ അദ്ദേഹത്തിൻെറ ശമ്പളം ക്രമീകരിക്കുന്ന രീതി
A:-ഉപജീവനബത്ത ലഭിച്ചിരുന്നതുകൊണ്ട് ശമ്പളം നൽകേണ്ടതില്ല
B:-ഉപജീവനബത്ത, ശമ്പളത്തിൽ കുറവു വരുത്താതെ മുഴുവനായും കൊടുക്കുക
C:-ശമ്പളം പൂർണ്ണമായും നൽകുക
D:-സസ്പെൻഷൻ കാലയളവിലെ ഉപജീവനബത്ത ശമ്പളത്തിൽനിന്നും കുറവ് വരുത്തി നല്കുക
Correct Answer:- Option-D

Question29:-അഞ്ച് വർഷത്തിൽ കവിയാതെ കരാറടിസ്ഥാനത്തിൽ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചാൽ അദ്ദേഹത്തിൻെറ ആർജ്ജിതാവധി നിർണ്ണയിക്കുന്ന രീതി
A:-1/11 നിരക്കിൽ വർഷത്തിൽ 15 ആയി കണക്കാക്കുക
B:-1/22 നിരക്കിൽ വർഷത്തിൽ പരമാവധി 15 ആയി കണക്കാക്കുക
C:-1/11 നിരക്കിൽ വർഷത്തിൽ 30 ആർജ്ജിതാവധി
D:-സ്ഥിരം ഉദ്യോഗസ്ഥരെ പോലെ 1/11 നിരക്കിൽ കണക്കാക്കുക
Correct Answer:- Option-A

Question30:-വെക്കേഷൻ ഡിപ്പാർട്ടുമെൻ്റിൽ നിന്നും നോൺ വെക്കേഷൻ ഡിപ്പാർട്ട്മെൻ്റിലേക്ക് സ്ഥലം മാറ്റം ചെയ്താൽ അദ്ദേഹത്തിൻെറ ആർജ്ജിതാവധി കണക്കാക്കുന്നതെന്ന് മുതൽ?
A:-സ്ഥലം മാറ്റം ലഭിച്ചതിനു മുമ്പ് വെക്കേഷൻ അവസാനിച്ച തീയ്യതി മുതൽ
B:-സ്ഥലമാറ്റ ഉത്തരവ് തീയ്യതി മുതൽ
C:-നോൺ വെക്കേഷൻ ഡിപ്പാർട്ടുമെൻ്റിൽ ജോലിയിൽ പ്രവേശിച്ച തീയ്യതി മുതൽ
D:-വെക്കേഷൻ ഡിപ്പാർട്ടുമെൻ്റിൽ നിന്നും വിടുതൽ ചെയ്ത തീയ്യതി മുതൽ
Correct Answer:- Option-A

Question31:-പരമാവധി പ്രവേശനകാലമെത്ര?
A:-ഞായറാഴ്ചകൾ കൂടാതെ 8 ദിവസം
B:-ഞായറാഴ്ചകളും മറ്റു അവധി ദിവസങ്ങളും ഉൾപ്പെടെ 14 ദിവസം
C:-ഞായറാഴ്ചകൾ കൂടാതെ 15 ദിവസം
D:-ഞായറാഴ്ചകളും അവധി ദിവസങ്ങളും ഉൾപ്പെടെ 30 ദിവസം
Correct Answer:- Option-D

Question32:-വെക്കേഷൻ കാലയളവിൽ ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയാൽ ജോലിയിൽ പ്രവേശിക്കേണ്ട ദിവസം എന്നാണ്?
A:-ജോലിയിൽ നിന്നും വിടുതൽ ചെയ്ത ഉടൻ
B:-അവധിക്കാലത്തിനും പ്രവേശനകാലത്തിനും ശേഷം
C:-അവധിക്കാലത്തിൻെറ അവസാനം
D:-അവധിക്കാലം അവസാനിക്കുന്നതിനു മുമ്പ്
Correct Answer:- Option-C

Question33:-ആറു വർഷത്തേക്ക് മാത്രമായി നിയമനം ലഭിച്ച ഒരു ഉദ്യോഗസ്ഥൻെറ ആർജ്ജിതാവധി എങ്ങനെ കണക്കാക്കും?
A:-ആർജ്ജിതാവധിക്ക് അർഹനല്ല
B:-സ്ഥിരനിയമനം ലഭിച്ച ഉദ്യോഗസ്ഥരുടേതുപോലെ കണക്കാക്കുന്നു
C:-1/22 നിരക്കിൽ വർഷത്തിൽ പരമാവധി 15 ദിവസം എന്ന രീതിയിൽ കണക്കാക്കുന്നു
D:-1/11 നിരക്കിൽ പരമാവധി 20 ദിവസം എന്ന തോതിൽ കണക്കാക്കുന്നു
Correct Answer:- Option-A

Question34:-സ്ഥിരം തസ്തികയിൽ സ്ഥിരനിയമനമുള്ളതും 1.7.2020 മുതൽ Rs. 89000-2200-97800-2500-115300-2800-140500 എന്ന ശമ്പളനിരക്കിൽ 115300 രൂപ ശമ്പളം വാങ്ങിക്കൊണ്ടിരുന്ന ഒരു ഉദ്യോഗസ്ഥനെ 1.6.2021 ൽ Rs. 107800-2500-115300-2800-140500-3100-149800 എന്ന സ്ഥിരം തസ്തികയിൽ സ്ഥിരമായ നിയമനം നൽകുകയുണ്ടായി. ഉയർന്ന ശമ്പള നിരക്കിലെ അദ്ദേഹത്തിൻെറ ശമ്പളം എത്ര?
A:-118100 രൂപ 1.6.2021 മുതൽ
B:-118100 രൂപ 1.7.2021 മുതൽ
C:-119900 രൂപ 1.6.2021 മുതൽ
D:-119900 രൂപ 1.7.2021 മുതൽ
Correct Answer:- Option-A

Question35:-പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) എക്സിക്യൂട്ടീവ് എഞ്ചിനീയറായ ഒരു ഉദ്യോഗസ്ഥനെ എറണാകുളത്തുനിന്നും കൽപ്പറ്റയിലേക്ക് സ്ഥലം മാറ്റി 5.8.2022 വൈകുന്നേരം എറണാകുളത്തുനിന്നും അദ്ദേഹത്തെ വിടുതൽ ചെയ്തു. കൽപ്പറ്റയിൽ അദ്ദേഹം ജോലിക്ക് ഹാജരാകേണ്ട ദിവസം എന്നാണ്?
എറണാകുളം - കോഴിക്കോട് 280 കി.മീ. (റെയിൽ)
കോഴിക്കോട് - കൽപ്പറ്റ റോഡ് 75 കി.മീ. 5.8.2022 വെള്ളിയാഴ്ച
A:-12.8.2022 വെള്ളിയാഴ്ച
B:-16.8.2022 ചൊവ്വാഴ്ച രാവിലെ
C:-11.8.2022 വ്യാഴാഴ്ച
D:-18.8.2022 വ്യാഴാഴ്ച
Correct Answer:- Option-B

Question36:-ഒരു ലാസ്റ്റ് ഗ്രേഡ് ജീവനക്കാരൻ 23000-700-27900-800-31100-900-35300-1000-42300 ശമ്പളനിരക്കിൽ 27900 1.7.2021 മുതൽ ശമ്പളം വാങ്ങിക്കൊണ്ടിരിക്കേ 1.12.2022 ന് 26500-700-27900-800-31100-900-35300-1000-42300-1100-47800 രൂപ ശമ്പള നിരക്കിൽ എൽ.ഡി. ക്ലാർക്ക് ആയി നിയമിച്ചു. പുതിയ ശമ്പളനിരക്കിൽ അദ്ദേഹത്തിൻെറ ശമ്പളം നിർണ്ണയിക്കുക
A:-1.12.2021 ൽ 29500 രൂപയും 1.12.2022 മുതൽ 30300 രൂപയും
B:-1.7.2022 ന് 29500 രൂപയും 1.7.2023 മുതൽ 38100 രൂപയും
C:-1.7.2022 ന് 30300 രൂപ
D:-1.12.2021 ന് 29500 രൂപയും 1.7.2022 മുതൽ 30300 രൂപയും
Correct Answer:- Option-A

Question37:-പിതൃതാവധി എത്ര ദിവസത്തേക്കാണ് അനുവദിക്കുന്നത്?
A:-തുടർച്ചയായി 10 ദിവസം
B:-മൊത്തം 10 ദിവസം
C:-ഭാര്യയുടെ പ്രസവദിവസം മുതൽ 90 ദിവസത്തിനകം തുടർച്ചയായി 10 ദിവസം
D:-അഞ്ച് ദിവസം വീതം രണ്ട് പ്രാവശ്യമായി
Correct Answer:- Option-C

Question38:-ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കളായ ഉദ്യോഗസ്ഥർക്ക് അത്തരം കുട്ടികളുടെ ചികിത്സയ്ക്കും ശുശ്രൂഷയ്ക്കും വേണ്ടി നല്കുന്ന പ്രത്യേക ആകസ്മികാവധി എത്ര?
A:-60 ദിവസം
B:-20 ദിവസം
C:-10 ദിവസം
D:-15 ദിവസം
Correct Answer:- Option-D

Question39:-ആകസ്മികാവധിയും പ്രത്യേക ആകസ്മികാവധിയും സംയോജിപ്പിക്കാവുന്നത് പരമാവധി എത്ര ദിവസം?
A:-30 ദിവസം
B:-20 ദിവസം
C:-40 ദിവസം
D:-15 ദിവസം

Correct Answer:- Option-D

Question40:-ഒരു ഉദ്യോഗസ്ഥന് പ്രത്യേകതരം ജോലി ചെയ്യുന്നതിന് സർക്കാരിൻെറ പൊതുഖജനാവിൽ നിന്നും നൽകുന്ന പ്രതിഫലത്തെ അറിയപ്പെടുന്നത്

A:-ഫീ

B:-പ്രത്യേക ബത്ത

C:-പ്രത്യേക ശമ്പളം

D:-ഹോണറേറിയം

Correct Answer:- Option-D

Question41:-സ്ഥിരം തസ്തികയിലുള്ള ഉദ്യോഗസ്ഥന്  യാതൊരു തരത്തിലുള്ള അവധികളും  അദ്ദേഹത്തിൻെറ  അക്കൗണ്ടിൽ ഇല്ലാത്ത സാഹചര്യത്തിൽ ഏതുതരം ലീവ് ആണ് അദ്ദേഹത്തിന് അനുവദിക്കുക?

A:-മുൻകൂർ ആർജ്ജിതാവധി

B:-ലീവ് നോട്ട് ഡ്യൂ

C:-പ്രത്യേകം ആകസ്മികാവധി

D:-കമ്മ്യൂട്ടഡ് ലീവ് ഇൻ അഡ്വാൻസ്

Correct Answer:- Option-B

Question42:-രണ്ട് വർഷം തുടർച്ചയായ സർവ്വീസ് ഉള്ള ഒരു ഒഫീഷ്യേററിംഗ് ഉദ്യോഗസ്ഥൻ 30 ദിവസത്തെ  ശൂന്യവേതനാവധിക്ക് അപേക്ഷിക്കുകയും അനുവദിക്കുകയും ചെയ്തു. ഈ ഉദ്യോഗസ്ഥന് പരമാവധി ശൂന്യവേതനാവധി തുടർച്ചയായി ലഭിക്കും

A:-120 ദിവസം

B:-180 ദിവസം

C:-42 ദിവസം

D:-90 ദിവസം

Correct Answer:- Option-D

Question43:-വിരമിക്കലിനു പ്രാരംഭമായുള്ള അവധിയുടെ ഭാഗമായി ആർജ്ജിതാവധി അനുവദിക്കാവുന്ന പരമാവധി എണ്ണം എത്ര?

A:-240 ദിവസം

B:-180 ദിവസം

C:-300 ദിവസം

D:-പരിധിയില്ല

Correct Answer:- Option-C

Question44:-രണ്ട് വർഷം സർവ്വീസ് പൂർത്തിയാക്കാത്തവർക്ക് വിദേശത്ത് ജോലി ചെയ്യുന്നതിന് ശൂന്യവേതനാവധി അനുവദിക്കുമ്പോൾ താഴെ പറയുന്നവയിൽ ശരിയായ ഒരു നിബന്ധന ഏതാണ്?

A:-സർക്കാരിലേക്ക് ഒരു ബോണ്ട് നൽകേണ്ടതാണ്

B:-എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും അവധിക്കാലത്ത് ലഭ്യമായിരിക്കും

C:-സീനിയോറിറ്റി നിലനിൽക്കുന്നതാണ്

D:-അവധി കഴിഞ്ഞ് തിരിച്ചെത്തുമ്പോൾ പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നത് പോലെ സർവ്വീസിൽ ചേരേണ്ടതും ആദ്യകാലത്തുണ്ടായിരുന്ന  സർവ്വീസ് പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്

Correct Answer:- Option-D

Question45:-രണ്ട് വ്യത്യസ്ത തസ്തികകളുടെ ശമ്പളനിരക്കും ചുരുങ്ങിയ ശമ്പളം പരമാവധി ശമ്പളം  ഇൻക്രിമെൻ്റ് നിരക്കുകൾ ഇൻക്രിമെൻ്റിൻെറ കാലാവധി എന്നിവ തുല്യമായി വന്നാൽ അത്തരം ശമ്പള നിരക്കുകളെ അറിയപ്പെടുന്നത്

A:-ഉയർന്ന ശമ്പള സ്കെയിൽ

B:-ഏകീകൃത ശമ്പള സ്കെയിൽ

C:-തുല്യ ശമ്പള സ്കെയിൽ

D:-താഴ്ന്ന ശമ്പള സ്കെയിൽ

Correct Answer:- Option-B

Question46:-ശൂന്യവേതനാവധിയുള്ള ഒരു ഉദ്യോഗസ്ഥൻ സസ്പെണ്ട് ചെയ്യപ്പെട്ടാൽ അദ്ദേഹത്തിനുള്ള ഉപജീവനബത്ത കൊടുക്കുന്നത് എന്നു മുതൽ?

A:-സസ്പെണ്ട് ചെയ്ത തീയ്യതി മുതൽ

B:-ഉപജീവനബത്തക്കർഹതയില്ല

C:-ശൂന്യവേതനാവധി അവസാനിച്ച് തൊട്ടടുത്ത ദിവസം മുതൽ

D:-ശൂന്യവേതനാവധി ആരംഭിച്ച തീയ്യതി മുതൽ

Correct Answer:- Option-C

Question47:-ഒരു ഉദ്യോഗസ്ഥൻ സസ്പെണ്ട് ചെയ്യപ്പെടുകയും അച്ചടക്ക നടപടിക്രമങ്ങൾ ആരംഭിക്കുകയും അച്ചടക്കനടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുമുമ്പ് അദ്ദേഹം  സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്താൽ അദ്ദേഹത്തിൻെറ കണക്കിലുള്ള ആർജ്ജിതാവധി എന്നു മുതൽ സേവനവിരാമ സറണ്ടർ ആയി അനുവദിക്കും?

A:-സസ്പെണ്ട് ചെയ്ത തീയ്യതി മുതൽ

B:-അച്ചടക്കനടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷം

C:-റിട്ടയർ ചെയ്ത തീയ്യതി മുതൽ

D:-സർവ്വീസിൽ തിരികെ പ്രവേശിച്ചതിനുശേഷം

Correct Answer:- Option-B

Question48:-പഠനാവശ്യത്തിനായുള്ള ശൂന്യവേതനാവധി പരമാവധി എത്ര കാലം വരെ അനുവദിക്കും?

A:-2 വർഷം

B:-3 വർഷം

C:-പരിധിയില്ലാതെ

D:-5 വർഷം

Correct Answer:- Option-D

Question49:-ഒരു ഉദ്യോഗസ്ഥന് പ്രവേശനകാല ശമ്പളം ഏതു നിരക്കിൽ ലഭിക്കുന്നു?

A:-പഴയ ഓഫീസിലെ ശമ്പള നിരക്കിൽ

B:-അർദ്ധവേതനാവധിക്ക് തുല്യമായ ശമ്പളം

C:-ശൂന്യവേതനാവധിയായി കണക്കാക്കുന്നു

D:-ഉയർന്ന നിരക്കിലുള്ള ശമ്പളം

Correct Answer:- Option-A

Question50:-യാത്രപ്പടി അനുവദിക്കുന്നതിനുള്ള കൂടിയ കാലാവധി

A:-യാത്ര ചെയ്ത ദിവസം മുതൽ ഒരു വർഷം

B:-യാത്രചെയ്തതുമുതൽ മൂന്നു വർഷം

C:-യാത്രപ്പടി പ്രാബല്യത്തിൽ വന്നതുമുതൽ രണ്ട് വർഷം

D:-യാത്രപ്പടി പ്രാബല്യത്തിലായതുമുതൽ അഞ്ച് വർഷം

Correct Answer:- Option-C

Question51:-ഒരു ഉദ്യോഗസ്ഥന് അദ്ദേഹത്തിൻെറ അധികാരപരിധിയിൽ തുടരെ തുടരെ യാത്ര ചെയ്യേണ്ടിവരുന്ന പക്ഷം അദ്ദേഹത്തിനുണ്ടാകുന്ന ചെലവിലേക്ക് പ്രതിമാസം നൽകുന്ന ബത്ത ഏതു തരത്തിൽ അറിയപ്പെടുന്നു?

A:-സർക്കീട്ട യാത്രാബത്ത

B:-സ്ഥിരയാത്രപ്പടി

C:-പ്രത്യേകവാഹനബത്ത

D:-ദിനബത്ത

Correct Answer:- Option-B

Question52:-ഒരു ഉദ്യോഗസ്ഥൻ ഔദ്യോഗികാവശ്യാർത്ഥം 30 കി.മീ. യാത്ര ചെയ്താൽ അദ്ദേഹത്തിനുള്ള യാത്രപ്പടിയെത്ര?

A:-അർദ്ധവേതനശമ്പളം

B:-പ്രവേശനകാലത്തേക്കുള്ള ശമ്പളം

C:-അടിസ്ഥാന ശമ്പളത്തിനു തുല്യമായ തുക

D:-ഒരു ദിനബത്ത

Correct Answer:- Option-D

Question53:-ട്രഷറി ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാരന്, ഓഫീസിൽ നിന്നും രണ്ട് കിലോമീറ്റർ അധികവും എട്ടുകിലോമീറ്ററിൽ താഴെയുമാണ് ട്രഷറി/ബാങ്ക് സ്ഥിതിചെയ്യുന്നതെങ്കിൽ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന തുക യാത്രക്കൂലിയായി നൽകാവുന്നതാണ്. ആഴ്ചയിൽ എത്ര ദിവസം അത്തരത്തിൽ യാത്രാക്കൂലി നൽകാം?

A:-ആഴ്ചയിൽ ഒരിക്കൽ മാത്രം
B:-ആഴ്ചയിൽ മൂന്ന് ദിവസം
C:-ആഴ്ചയിൽ അഞ്ച് ദിവസം വരെ
D:-എല്ലാ പ്രവർത്തി ദിവസങ്ങളിലും

Correct Answer:- Option-B

Question54:-ദിനബത്ത എന്നാലെന്ത്?

A:-ഒരു ഉദ്യോഗസ്ഥൻ അദ്ദേഹത്തിൻെറ ആസ്ഥാനത്തിനു പുറത്തു ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുമ്പോൾ, ആസ്ഥാനത്തുനിന്നും വിട്ടുനിൽക്കുമ്പോഴുണ്ടാകുന്ന പ്രതിദിന നിത്യചെലവുകൾക്കുവേണ്ടി നൽകുന്ന ബത്തയെയാണ് ദിനബത്ത എന്നറിയപ്പെടുന്നത്
B:-പ്രത്യേകതരം ജോലി ചെയ്യുന്നതിനുള്ള പ്രതിഫലം
C:-ഡ്യൂട്ടി ചെയ്യുന്നതിന് പ്രത്യേകം കൊടുക്കുന്ന തുക
D:-കുടുംബചിലവുകൾക്ക് വേണ്ടി  കൊടുക്കുന്ന തുക

Correct Answer:- Option-A

Question55:-ഒരു ഗ്രേഡ് I  ഓഫീസർ തൃശ്ശൂർ മുതൽ എറണാകുളം വരെ റെയിൽ II എ.സി.യിൽ 13.7.2022 നു രാവിലെ 8 മണി മുതൽ രാവിലെ 10  മണിവരെയുള്ള സമയത്ത് യാത്ര ചെയ്യുകയും (75 കിലോമീറ്റർ) വൈകുന്നേരം അഞ്ച് മണിക്ക് എറണാകുളത്തുനിന്നും തൃശ്ശൂർക്ക് റെയിൽ മാർഗ്ഗം 7 മണിക്ക് തിരിച്ചെത്തുകയും ചെയ്തു. അദ്ദേഹത്തിനു എറണാകുളത്ത് ചിലവഴിച്ച സമയത്തിനു ലഭിക്കുന്ന ദിനബത്ത എത്ര?

A:-പൂർണ്ണമായ ഒരു ദിനബത്ത
B:-1/2 ദിനബത്ത
C:-3/4 ദിനബത്ത
D:-1/4 ദിനബത്ത

Correct Answer:- Option-B

Question56:-സ്ഥലം മാറ്റ യാത്രപ്പടിക്ക് ഓഫീസർക്ക് ലഭിക്കുന്ന അനാമത്തു ചിലവിൻെറ നിരക്ക്

A:-ദൂരത്തിനനുസരിച്ചുള്ള ഒരു നിരക്ക് മാത്രം
B:-ദൂരത്തിനനുസരിച്ചുള്ള നിരക്കിൻെറ രണ്ടിരട്ടി
C:-ദൂരത്തിനനുസരിച്ചുള്ള നിരക്കിൻെറ മൂന്നിരട്ടി
D:-അനാമത്തു ചിലവിനർഹതയില്ല

Correct Answer:- Option-C

Question57:-ഭിന്നശേഷിക്കാരനായ ഒരു ഉദ്യോഗസ്ഥന് ചികിത്സയ്ക്കായി ഒരു കലണ്ടർ വർഷത്തിൽ ലഭിക്കുന്ന പരമാവധി പ്രത്യേക ആകസ്മികാവധിയുടെ എണ്ണം

A:-കലണ്ടർ വർഷത്തിൽ 15 ദിവസം
B:-കലണ്ടർ വർഷത്തിൽ 7 ദിവസം
C:-കലണ്ടർ വർഷത്തിൽ 20 ദിവസം
D:-കലണ്ടർ വർഷത്തിൽ 30 ദിവസം

Correct Answer:- Option-A

Question58:-കോട്ടയത്തുള്ള ഒരു ഉദ്യോഗസ്ഥനെ വകുപ്പുതലപരിശീലനത്തിനായി 70 ദിവസം നീണ്ടു നില്ക്കുന്ന തിരുവനന്തപുരത്തുള്ള പരിശീലന കേന്ദ്രത്തിലേക്ക് നിയോഗിച്ചു. അദ്ദേഹത്തിനു അനുവദിക്കാവുന്ന  ദിനബത്തയുടെ കണക്ക്

A:-ആദ്യത്തെ 10 ദിവസം പൂർണ്ണദിനബത്തയും അടുത്ത 20 ദിവസം 3/4 ദിനബത്തയും പിന്നീടുള്ള ദിവസങ്ങളിലേക്ക് 1/2 ദിനബത്ത എന്ന നിരക്കിലും ലഭിക്കുന്നു
B:-ആദ്യത്തെ 30 ദിവസം പൂർണ്ണമായ ദിനബത്തയും പിന്നീടുള്ള ദിവസങ്ങളിൽ 3/4 ദിനബത്തയും ലഭിക്കുന്നു
C:-ആദ്യത്തെ 30 ദിവസം പൂർണ്ണ ദിനബത്തയും പിന്നീടുള്ള ദിവസങ്ങളിൽ 1/2 ദിനബത്തയും ലഭിക്കുന്നു
D:-എല്ലാ ദിവസത്തേക്കും പൂർണ്ണമായ ദിനബത്തയും ലഭിക്കുന്നു

Correct Answer:- Option-B

Question59:-ഒരു ഗ്രേഡ് I ഓഫീസർ കോട്ടയത്തുനിന്നും തൃശ്ശൂരിലേക്ക് റെയിൽ II  എ.സി.യിൽ യാത്രചെയ്യുകയും അന്നേ ദിവസം  തന്നെ തൃശ്ശൂരിൽ നിന്നും കോട്ടയത്തേക്ക് റോഡ് മാർഗ്ഗം തിരിച്ച് യാത്ര ചെയ്തു. അദ്ദേഹത്തിനു ലഭിക്കുന്ന അനാമത്ത് ചിലവെത്ര? (കോട്ടയം-തൃശ്ശൂർ 160 കിലോമീറ്റർ)

A:-600 രൂപ
B:-96 രൂപ
C:-300 രൂപ
D:-192 രൂപ

Correct Answer:- Option-C

Question60:-ഡിപ്പാർട്ട്മെൻറൽ വാഹനത്തിൽ യാത്ര ചെയ്താൽ ലഭിക്കുന്ന യാത്രാബത്ത എത്ര?

A:-റെയിൽ യാത്ര കൂലിക്ക് തുല്യമായ തുക
B:-അനാമത്ത് ചിലവുമാത്രം
C:-യാത്രാകൂലിയും അനാമത്ത് ചിലവും ഉൾപ്പെടെ
D:-ബസ്സ് ചാർജ്ജ് മാത്രം

Correct Answer:- Option-B

Question61:-സ്ഥലം മാറ്റയാത്രയിൽ ഉദ്യോഗസ്ഥൻെറ കുടുംബാംഗങ്ങൾക്ക് ലഭിക്കുന്നത്

A:-യാത്രകൂലി മാത്രം
B:-ടാക്സി ചാർജ്ജ്
C:-വിമാന യാത്രക്കൂലിക്ക് തുല്യമായ തുക
D:-യാത്രക്കൂലിയും അനാമത്തു ചിലവും

Correct Answer:- Option-A

Question62:-പരിശീലനത്തിനായി നിയോഗിക്കുന്ന ഉദ്യോഗസ്ഥന് ലഭിക്കുന്ന യാത്രാസമയം

A:-തയ്യാറെടുപ്പിനായി 6 ദിവസവും  യാത്ര ചെയ്യുന്നതിനുവേണ്ട ഒരു ദിവസവും
B:-7 ദിവസം
C:-യാത്രയ്ക്കുവേണ്ട സമയം മാത്രം
D:-യാത്രാസമയം അനുവദനീയമല്ല

Correct Answer:- Option-C

Question63:-അന്യത്ര സേവനത്തിനു പോകുന്ന ഒരു ഉദ്യോഗസ്ഥനെ മാതൃവകുപ്പിൽ നിന്നും 30.11.2019 അപരാഹ്നത്തിൽ വിടുതൽ ചെയ്യുകയും, 9-12-2019 ൽ അന്യത്ര സേവനത്തിനു ഹാജരാകുകയും  ചെയ്തു. 23-11-2021 അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിനെ അറിയിക്കുകയും 1.12.2021 പൂർവ്വാഹ്നത്തിൽ മാതൃവകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. അദ്ദേഹത്തിൻെറ അന്യത്ര സേവനത്തിൻെറ യഥാർത്ഥ കാലയളവ്

A:-1.12.2019 മുതൽ 23-11-2021
B:-9.12.2019 മുതൽ 23-11-2021
C:-1.12.2019 മുതൽ 30-11-2021
D:-9.12.2019 മുതൽ 30-11-2021

Correct Answer:- Option-C

Question64:-അന്യത്രസേവനത്തിനു അത്യാവശ്യമായിട്ടുള്ള നിബന്ധന

A:-ഉദ്യോഗസ്ഥൻ സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്ന ആളായിരിക്കണം
B:-ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൽ ചേർന്നിട്ടുള്ള ഉദ്യോഗസ്ഥനായിരിക്കണം
C:-അന്യത്ര സേവനം അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുണ്ടായിരിക്കണം
D:-മാതൃവകുപ്പിൽ അന്യത്ര സേവനത്തിനു പോകുന്നതിനുമുമ്പുള്ള സർവ്വീസ് ഒഴിവാക്കിയിരിക്കണം

Correct Answer:- Option-C

Question65:-ഒരു ഉദ്യോഗസ്ഥന് സർവ്വീസിൽ നിന്നും സ്വയം വിരമിക്കുന്നതിനു ചുരുങ്ങിയതും യോഗ്യമായതുമായ സേവനകാലം

A:-50 വയസ്സ് പൂർത്തിയായിരിക്കണം
B:-15 വർഷത്തെ യോഗ്യമായ സേവനകാലം
C:-45 വയസ്സ് പൂർത്തിയായിരിക്കണം
D:-20 വർഷത്തെ യോഗ്യമായ സേവനകാലം

Correct Answer:- Option-D

Question66:-തസ്തിക നിർത്തലാക്കിയതുമൂലം ജോലി നഷ്ടപ്പെടുകയും താഴെ തട്ടിലുള്ള
തസ്തികകളിൽ ജോലി ചെയ്യാൻ അദ്ദേഹം വിസമ്മതിക്കുകയും ചെയ്യുന്ന
സാഹചര്യത്തിൽ ഉദ്യോഗസ്ഥൻെറ യോഗ്യമായ സേവനകാലം പരിഗണിച്ച്
കൊടുക്കുന്ന പെൻഷൻ

A:-നഷ്ടപരിഹാര പെൻഷൻ
B:-ഇൻവാലിഡ് പെൻഷൻ
C:-റിട്ടയറിംഗ് പെൻഷൻ
D:-സൂപ്പർ ആനുവേഷൻ പെൻഷൻ

Correct Answer:- Option-A

Question67:-സർവ്വീസിലിരിക്കെ മരണപ്പെട്ട ഒരു ഉദ്യോഗസ്ഥൻെറ ആശ്രിതർക്ക് നൽകുന്ന ഏറ്റവും കുറഞ്ഞ അവശിഷ്ട ഗ്രാറ്റുവിറ്റി

A:-അവസാനമാസത്തെ വേതനത്തെ യോഗ്യമായ സേവനകാലം കൊണ്ട് ഗുണിച്ചാൽ കിട്ടുന്ന തുക
B:-അവസാന മാസത്തെ വേതനത്തിൻെറ 20 ഇരട്ടി
C:-അവസാനത്തെ വേതനത്തിൻെറ 12 ഇരട്ടി തുക
D:-അഞ്ച് ലക്ഷം രൂപ

Correct Answer:- Option-C

Question68:-യോഗ്യസേവനകാലം വാർഷിക പൂർത്തീകരണത്തിനു അനുവദനീയമല്ലാത്ത പെൻഷൻ

A:-സ്വയം വിരമിക്കൽ പെൻഷൻ
B:-നഷ്ടപരിഹാര പെൻഷൻ
C:-സൂപ്പർ ആനുവേഷൻ പെൻഷൻ
D:-ഇൻവാലിഡ് പെൻഷൻ

Correct Answer:- Option-A

Question69:-സർവ്വീസിൽ നിന്നും സ്വയം വിരമിക്കുന്നതിന് നിയമനാധികാരിക്ക് എത്രകാലം മുമ്പാണ് നോട്ടീസ് നൽകേണ്ടത്?

A:-180 ദിവസം
B:-14 ദിവസം
C:-3 മാസം
D:-ഒരു മാസം

Correct Answer:- Option-C

Question70:-ഒരു ഉദ്യോഗസ്ഥൻ ശാരീരികാവശത മൂലമോ മാനസികാസ്വാസ്ഥ്യം മൂലമോ മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ പൊതുസേവനത്തിനു അനുയോജ്യമല്ലെന്നു കണ്ടാൽ അത്തരം ഉദ്യോഗസ്ഥനു അനുവദിക്കുന്ന പെൻഷൻ

A:-ഇൻവാലിഡ് പെൻഷൻ
B:-റിട്ടയറിംഗ് പെൻഷൻ
C:-അനുതാപ ബത്ത
D:-സർവ്വീസ് പെൻഷൻ

Correct Answer:- Option-A

Question71:-ജനനതീയ്യതി 28.6.1966 ആയിട്ടുള്ള ഒരു ഹൈസ്കൂൾ അസിസ്റ്റൻറ് 5.6.1989 ൽ സർവ്വീസിൽ പ്രവേശിച്ചു. അദ്ദേഹം സർവ്വീസിൽ നിന്നും വിരമിക്കുന്ന തീയ്യതി എന്നാണ്?

A:-30.6.2022
B:-31.3.2023
C:-31.5.2022
D:-31.3.2022

Correct Answer:- Option-A

Question72:-സ്ഥലം മാറ്റത്തിനുള്ള യാത്രപടി കണക്കാക്കുമ്പോൾ ജംഗമസാധനങ്ങൾ കയറ്റി ഇറക്കുന്നതിനായി ഗ്രേഡ് I ഓഫീസർക്ക് അർഹതപ്പെട്ട കയറ്റിറക്ക് കൂലി

A:-450 രൂപ
B:-500 രൂപ
C:-600 രൂപ
D:-900 രൂപ

Correct Answer:- Option-D

Question73:-സർവ്വീസിൽ നിന്നും പിരിച്ചുവിടപ്പെട്ടവരിൽ അർഹരായവർക്ക് പിരിച്ചുവിടപ്പെട്ട തീയ്യതിയിൽ സർവ്വീസിൽ ഉണ്ടായിരുന്നെങ്കിൽ ലഭിക്കുമായിരുന്ന പെൻഷൻെറ മൂന്നിൽ രണ്ട് ഭാഗം പ്രത്യേക അലവൻസായി പ്രതിമാസം നൽകുന്നു. ഈ അലവൻസിനെ അറിയപ്പെടുന്നത്

A:-ഉപജീവനബത്ത
B:-ദിനബത്ത
C:-അനുതാപബത്ത
D:-പ്രതിമാസബത്ത

Correct Answer:- Option-C

Question74:-പെൻഷനുവേണ്ടിയുള്ള അപേക്ഷയിൽ അന്തിമമായ തീർപ്പ് കൽപ്പിക്കുന്നതിനു കാലതാമസം നേരിട്ടാൽ അനുവദിക്കപ്പെടാവുന്ന പെൻഷൻെറ 75% മുൻകൂറായി നൽകുന്നു. അത്തരം പെൻഷനെ അറിയപ്പെടുന്നത്

A:-പ്രതീക്ഷിത പെൻഷൻ
B:-ഇൻവാലിഡ് പെൻഷൻ
C:-താൽക്കാലിക പെൻഷൻ
D:-സൂപ്പർ ആനുവേഷൻ പെൻഷൻ

Correct Answer:- Option-A

Question75:-സർവ്വീസിൽ നിന്നും 30.11.2021 ൽ വിരമിച്ച ഒരു ഉദ്യോഗസ്ഥനു 28 വർഷത്തെ യോഗ്യമായ സേവനകാലവും 1.2.2021 മുതൽ 97800 രൂപയും 1.7.2021 മുതൽ 100300 രൂപയും വാങ്ങിക്കൊണ്ടിരുന്നു. 1.12.2021 ൽ അദ്ദേഹത്തിനു അനുവദിക്കാവുന്ന പെൻഷൻ എത്ര?

A:-`99050/2` × `28/30`
B:-`97800/2` × `28/30`
C:-`100300/2` × `28/30`
D:-`100300/2` × `30/28`

Correct Answer:- Option-A

Question76:-സ്ഥലംമാറ്റ യാത്രയുടെ ഭാഗമായി ഒരു ഉദ്യോഗസ്ഥൻ ഭാര്യയോടൊത്ത് പുതിയ സ്ഥലത്തേക്ക് റോഡ് മാർഗ്ഗം യാത്ര ചെയ്തു. യാത്രപ്പടിയുടെ ഭാഗമായി ഭാര്യക്ക് ലഭിക്കുന്ന തുക എത്ര?

A:-ബസ്സ് ചാർജ്ജ് മാത്രം
B:-ദൂരബത്ത
C:-ഒന്നും ലഭിക്കുകയില്ല
D:-ദൂരബത്തയുടെ മൂന്നിരട്ടി

Correct Answer:- Option-C

Question77:-ആദ്യമായി ജോലിയിൽ പ്രവേശിക്കുന്നതിന് യാത്രാബത്ത അനുവദിക്കപ്പെടാവുന്ന വിഭാഗം

A:-പോലീസ് ഉദ്യോഗസ്ഥർ
B:-വനംവകുപ്പ് ഉദ്യോഗസ്ഥർ
C:-അഗ്നിശമന സേനാവിഭാഗം
D:-സാങ്കേതികമികവും പരിശീലനം സിദ്ധിച്ചവരുമായ പൊതുമരാമത്ത് ഉദ്യോഗസ്ഥരും മെഡിക്കൽ ഓഫീസർമാരും

Correct Answer:- Option-D

Question78:-കോട്ടയത്തുള്ള ഒരു ഉദ്യോഗസ്ഥനെ രണ്ട് മാസത്തേക്ക് കൊല്ലത്തേക്ക് സ്ഥലം മാറ്റി നിയമിച്ചു. രണ്ട് മാസം പൂർത്തീകരിച്ചതിനെതുടർന്ന് അദ്ദേഹം വീണ്ടും കോട്ടയത്ത് ജോലിയിൽ പ്രവേശിച്ചു. അദ്ദേഹത്തിൻെറ യാത്രപ്പടി എങ്ങനെ കണക്കാക്കാം?

A:-സർക്കീട്ടിനുള്ള യാത്രപ്പടി പോലെ യാത്രക്കൂലിയും അനാമത്ത് ചെലവും
താമസത്തിനുള്ള ദിനബത്തയും നൽകുന്നു
B:-സ്ഥലം മാറ്റ യാത്രപ്പടി നൽകുന്നു

C:-കുടുംബത്തെക്കൂടാതെയുള്ള സ്ഥലം മാറ്റ യാത്രപ്പടി
D:-യാത്രക്കൂലിയും അനാമത്ത് ചിലവും മാത്രം നൽകുന്നു
Correct Answer:- Option-A

Question79:-അടുത്ത ജന്മദിനത്തിൽ 52 വയസ്സ് പൂർത്തിയാകുന്ന ഒരു ഉദ്യോഗസ്ഥൻ 31.3.2022 മുതൽ സർവ്വീസിൽ നിന്നും സ്വയം വിരമിക്കുകയും അദ്ദേഹത്തിൻെറ പെൻഷൻ 47500 രൂപയായി അനുവദിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ പരിവർത്തനം ചെയ്യുമ്പോൾ ഒരു രൂപയ്ക്കുള്ള പരിവർത്തിത മൂല്യം എത്ര
A:-12.66 രൂപ
B:-11.10 രൂപ
C:-11.42 രൂപ
D:-11.73 രൂപ
Correct Answer:- Option-A

Question80:-നിർബന്ധിതമായ വകുപ്പുതല പരീക്ഷകൾക്ക് ഹാജരാകുന്നതിന് ഒരു ഉദ്യോഗസ്ഥന് യാത്രപ്പടി നൽകാവുന്നത് എത്ര തവണ?
A:-ഒരിക്കൽ മാത്രം
B:-രണ്ട് പ്രാവശ്യം
C:-മൂന്ന് പ്രാവശ്യം
D:-യാത്രപ്പടിക്ക് അർഹതയില്ല
Correct Answer:- Option-C

Question81:-അനധികൃതമായി പ്രവേശനകാലം അധികരിച്ചാൽ (overstayal of joining time) അത് ഏതു തരത്തിലാണ് ക്രമീകരിക്കുന്നത്?
A:-ആകസ്മികാവധി നൽകിക്കൊണ്ട്
B:-അവകാശപ്പെട്ട അവധി നൽകിക്കൊണ്ട്
C:-സർവ്വീസ് ബ്രേക്ക് ആയി പരിഗണിക്കുന്നു
D:-അധികരിച്ച പ്രവേശനകാലമായി കണക്കാക്കുന്നു
Correct Answer:- Option-B

Question82:-അന്യത്ര സേവനത്തിലുള്ള ഒരു ഉദ്യോസ്ഥൻെറ പെൻഷൻ വിഹിതം എത്രയാണ്?
A:-അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥൻെറ ശമ്പളനിരക്കിലെ പരമാവധി ശമ്പളത്തിൻെറ 25% പ്രതിമാസം അടക്കുന്നു
B:-ഉദ്യോഗസ്ഥൻെറ ശമ്പളനിരക്കിലെ ഏറ്റവും ചുരുങ്ങിയ ശമ്പളത്തിൻെറ 10% പ്രതിമാസം അടക്കുന്നു
C:-ഉദ്യോഗസ്ഥൻെറ ശമ്പളനിരക്കിലെ പരമാവധി ശമ്പളത്തിൻെറ 15% പ്രതിമാസം അടക്കുന്നു
D:-പെൻഷൻ വിഹിതം അടക്കേണ്ട ആവശ്യമില്ല
Correct Answer:- Option-C

Question83:-അന്യത്ര സേവനത്തിലുള്ള ഒരു ഉദ്യോഗസ്ഥയുടെ പ്രസവകാലാവധി അനുവദിക്കുന്നതിനുള്ള അധികാരം
A:-അക്കൌണ്ടൻറ് ജനറലിന്
B:-ഗവണ്മെൻറിന്
C:-മാതൃവകുപ്പിന്
D:-അന്യത്രസേവനത്തിലുള്ള സ്ഥാപനത്തിൻെറ മേധാവി
Correct Answer:- Option-C

Question84:-പ്രസവാവധിയും അതിനു തുടർച്ചയായുള്ള ശൂന്യവേതനാവധിയും ................ പരിഗണിക്കുന്നതല്ല
A:-പ്രബേഷനു പരിഗണിക്കുന്നതല്ല
B:-ഇൻക്രിമെൻറിന് പരിഗണിക്കുകയില്ല
C:-ആർജ്ജിതാവധി കണക്കാക്കുന്നതിന്
D:-ഹയർ ഗ്രേഡ്
Correct Answer:- Option-A

Question85:-ഒരു പെൻഷണർ  26.3.2022 ന് വൈകുന്നേരം 6 മണിക്ക് മരണപ്പെട്ടു. അദ്ദേഹത്തിൻെറ വിധവക്ക് എന്നു മുതലാണ് കുടുംബപെൻഷൻ അനുവദിക്കുന്നത്?
A:-27.3.2022
B:-1.4.2022
C:-1.3.2022
D:-26.3.2022
Correct Answer:- Option-B

Question86:-ഒരു ഉദ്യോഗസ്ഥൻെറ സർവ്വീസ് കാലത്ത് അനുവദിക്കാവുന്ന മൊത്തം ലീവ് നോട്ട് ഡ്യൂ വിൻെറ എണ്ണം
A:-300
B:-240
C:-360
D:-180
Correct Answer:- Option-C

Question87:-ഒരു ഉദ്യോഗസ്ഥൻ 30.6.2022 ൽ സൂപ്പർ ആനുവേഷനിൽ റിട്ടയർ ചെയ്തു അദ്ദേഹത്തിന് 74900 രൂപ പെൻഷൻ അനുവദിച്ചു. പെൻഷനിൽ നിന്നും കമ്മ്യൂട്ട് ചെയ്യാവുന്ന തുകയെത്ര?
A:-25000 രൂപ
B:-37450 രൂപ
C:-40000 രൂപ
D:-29960 രൂപ
Correct Answer:- Option-D

Question88:-കുടുംബ പെൻഷൻ എന്നുവരെ നൽകാം?
A:-ഏഴു വർഷം
B:-ഇരുപതു വർഷം
C:-മരണംവരെയോ പുനർവിവാഹത്തിലേർപ്പെടുകയോ ചെയ്യുന്നതുവരെ
D:-മുപ്പത് വർഷമോ അല്ലെങ്കിൽ മരണം വരെയോ ഏതാണോ ആദ്യം
Correct Answer:- Option-C

Question89:-ഒരു ഉദ്യോഗസ്ഥൻ 30.4.2022 ൽ സൂപ്പർ ആനുവേഷനിൽ റിട്ടയർ ചെയ്യുകയും അദ്ദേഹത്തിന് 57250 രൂപ പെൻഷൻ അനുവദിക്കുകയും ചെയ്തു. പെൻഷനിൽ നിന്നും പരമാവധി തുക കമ്മ്യൂട്ട് ചെയ്താൽ അദ്ദേഹത്തിനു ലഭിക്കുന്ന മൊത്തം തുകയെത്ര?
A:-5725000
B:-3050280
C:-5000000
D:-3000000
Correct Answer:- Option-B

Question90:-ഒരു ഉദ്യോഗസ്ഥൻ 31.3.2022 ന് സൂപ്പർ ആനുവേഷനിൽ സർവ്വീസിൽ നിന്നും വിരമിക്കുകയും അദ്ദേഹത്തിൻെറ പെൻഷൻ 57050 രൂപയായി അനുവദിക്കുകയും പരമാവധി തുക കമ്മ്യൂട്ട് ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്  ലഭിക്കുന്ന  കുറഞ്ഞ പെൻഷൻ എത്ര?
A:-34230 രൂപ
B:-23620 രൂപ
C:-59050 രൂപ
D:-36000 രൂപ
Correct Answer:- Option-A

Question91:-ഒരു ഉദ്യോഗസ്ഥൻ 31.3.2022 ൽ റിട്ടയർ ചെയ്യുകയും അദ്ദേഹത്തിനുള്ള പെൻഷൻ കമ്മ്യൂട്ടേഷൻ ഓഫ് പെൻഷൻ, ഡി.സി.ആർ.ജി. എന്നിവ അനുവദിക്കുകയും ചെയ്തു. സർവ്വീസ് ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനുമുമ്പായി പെൻഷണർ മരണപ്പെട്ടു. അദ്ദേഹത്തിൻെറ സർവ്വീസ് ആനുകൂല്യങ്ങൾ ആർക്കാണ് ലഭിക്കുക?
A:-അദ്ദേഹത്തിൻെറ വിധവയ്ക്ക്
B:-പെൻഷണറുടെ മകന്
C:-പ്രായപൂർത്തിയാകാത്ത കുട്ടികളുൾപ്പെടെയുള്ള മക്കൾക്ക്
D:-നിയമപരമായ അവകാശികൾക്ക്
Correct Answer:- Option-D

Question92:-പെൻഷൻ കമ്മ്യൂട്ട് ചെയ്തുകഴിഞ്ഞാൽ കമ്മ്യൂട്ട് ചെയ്ത തുക തിരിച്ച നൽകുന്നത് എന്നു മുതൽ?

A:-റിട്ടയർ ചെയ്ത 10 വർഷം പൂർത്തീകരിച്ച കഴിഞ്ഞാൽ

B:-കമ്മ്യൂട്ട് ചെയ്ത് 3 വർഷത്തിനുശേഷം

C:-കമ്മ്യൂട്ടേഷൻ തുക കൈപ്പറ്റി 12 വർഷം പൂർത്തീകരിച്ചശേഷം

D:-റിട്ടയർമെൻറ് കഴിഞ്ഞ് 15 വർഷം പൂർത്തീകരിച്ചതിനുശേഷം

Correct Answer:- Option-C

Question93:-സ്ഥലം മാറ്റ യാത്ര എവിടെ തുടങ്ങി എവിടെ അവസാനിക്കുന്നു?

A:-ഓഫീസിൽ നിന്നും പുതിയ ഓഫീസ് വരെ

B:-ഉദ്യോഗസ്ഥൻെറ വസതിയിൽ നിന്നും പുതിയ സ്ഥലത്തെ വസതി വരെ

C:-റെയിൽവേ സ്റ്റേഷൻ മുതൽ പുതിയ സ്ഥലത്തെ വസതിവരെ

D:-ബസ് സ്റ്റേഷനിൽ നിന്നും പുതിയ സ്ഥലത്തെ ബസ് സ്റ്റേഷൻവരെ

Correct Answer:- Option-B

Question94:-ചുരുങ്ങിയ സർവ്വീസ് പെൻഷനുവേണ്ട യോഗ്യമായ സേവനകാലം

A:-9 വർഷം

B:-33 വർഷം

C:-20 വർഷം

D:-10 വർഷം

Correct Answer:- Option-D

Question95:-ഒരു ഉദ്യോഗസ്ഥൻ 16.1.2021 മുതൽ 15 ദിവസത്തെ ആർജ്ജിതാവധി എടുക്കുകയും പിന്നീട് 16.1.2021 മുതലുള്ള ആർജ്ജിതാവധി അർദ്ധവേതനാവധിയിലേക്കു മാറ്റുന്നതിന് അപേക്ഷിക്കുകയും ചെയ്തു. എന്നാൽ അപേക്ഷ നിരസിക്കപ്പെട്ടു. കാരണം

A:-അദ്ദേഹത്തിൻെറ അവധി സംബന്ധിച്ച കണക്കിൽ മതിയായ ആർജ്ജിതാവധികൾ ഉണ്ടായിരുന്നില്ല

B:-യാതൊരു തരത്തിലുള്ള അവധികളും അദ്ദേഹത്തിൻെറ അക്കൌണ്ടിൽ ഉണ്ടായിരുന്നില്ല

C:-ആർജ്ജിതാവധി മറ്റു തരത്തിലുള്ള അവധിയിലേക്ക് തരം മാറ്റുന്നത് അനുവദനീയമല്ല

D:-ആർജ്ജിതാവധി ശൂന്യവേതനാവധിയിലേക്ക് തരം മാറ്റാൻ പാടില്ല

Correct Answer:- Option-C

Question96:-ഒരു ഉദ്യോഗസ്ഥൻ 26.3.2021 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ചു. 26.3.2022 ന് അദ്ദേഹത്തിൻെറ അവധിക്കണക്കിൽ എത്ര ആർജ്ജിതാവധി ഉണ്ടായിരിക്കും?

A:-`33 3/11`

B:-16

C:-30

D:-17

Correct Answer:- Option-D

Question97:-ഒരു വനിതാ ഉദ്യോഗാർത്ഥിക്ക് 28.2.2021 ൽ റവന്യൂ വകുപ്പിൽ നിന്നും നിയമന ഉത്തരവ് ലഭിക്കുകയുണ്ടായി. 3.3.2021 ൽ അവർ ഒരു കുഞ്ഞിനെ പ്രസവിച്ചു. തുടർന്ന് 31.3.2021 ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. അവർക്കനുവദിക്കാവുന്ന പ്രസവാവധി എത്ര?

A:-1.4.2021 മുതൽ 61 ദിവസം

B:-1.4.2021 മുതൽ 120 ദിവസം

C:-1.4.2021 മുതൽ 180 ദിവസം

D:-1.4.2021 മുതൽ 151 ദിവസം

Correct Answer:- Option-D

Question98:-എക്സ്ഗ്രേഷ്യ അലവൻസ് ആർക്കെല്ലാമാണ് അനുവദിക്കുന്നത്?

A:-ഹൃദയരോഗചികിത്സക്ക് വേണ്ടി ശൂന്യവേതനാവധി എടുത്തവർക്ക്

B:-കുഷ്ഠം, ക്ഷയരോഗം, ക്യാൻസർ, മാനസികരോഗം തുടങ്ങിയവർക്കുള്ള ചികിത്സയ്ക്കുവേണ്ടി ശൂന്യവേതനാവധി എടുത്തവർക്ക്

C:-പ്രസവാവധിയുടെ തുടർച്ചയായി ശൂന്യവേതനാവധി എടുത്തവർക്ക്

D:-കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയവർക്ക് ശൂന്യവേതനാവധി കാലത്ത് കൊടുക്കുന്നത്

Correct Answer:- Option-B

Question99:-യോഗ്യമായ സേവനകാലം കണക്കാക്കുന്നതിന് പരിഗണിക്കാതിരിക്കുന്ന സർവ്വീസ്

A:-എയ്ഡ്സ് സ്കൂൾ സർവ്വീസ്

B:-ഡൈയസ്നോൺ

C:-ബാലസേവനകാലം

D:-അന്യത്രസേവനം

Correct Answer:- Option-C

Question100:-സ്ഥലം മാറ്റ യാത്രപ്പടിയിൽ കുടുംബം എന്ന 'വിവക്ഷ'യിൽ പെടാത്തത്

A:-ഭാര്യ

B:-മുൻവിവാഹത്തിലെ കുട്ടികൾ

C:-ഉദ്യോഗസ്ഥൻെറ മക്കൾ

D:-ഉദ്യോഗസ്ഥൻെറ മാതാപിതാക്കൾ

Correct Answer:- Option-D